പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 4

23.01.2018-ൽ മറുപടിയ്ക്ക്

## ഓഖി ദുരന്തബാധിതർക്കുള്ള ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഇ.കെ.വിജയൻ<br>" ജി.എസ്. ജയലാൽ<br>ശ്രീമതി. സി.കെ. ആശ<br>ശ്രീ. കെ. രാജൻ | | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നല്കുന്നതെന്ന് അറിയിക്കുമോ; | (എ) | ഓഖി ചുഴലിക്കാറ്റിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച 10 ലക്ഷം രൂപയും (4 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും), മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5 ലക്ഷം രൂപയും ബദൽ ജീവനോപാധിക്കായി ഫിഷറീസ് വകുപ്പിൽ നിന്നും 5 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ മരണപ്പെട്ട കുടുംബങ്ങൾക്ക് അടിയന്തര സഹായമായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 10,000/- രൂപ വീതവും Saving Cum Relief Scheme ൽ അംഗങ്ങളായ എല്ലാവർക്കും 2000/- രൂപ വീതവും അനുവദിച്ചിട്ടുണ്ട്. മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനത്തിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണമെന്നും ഇപ്രകാരം നിയമനം നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും 6/12/2017 ലെ സ.ഉ (കൈ) നമ്പർ 01/17/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ദുരന്തം മൂലം കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുമെന്ന് വിശദമാക്കുമോ; | (ബി) | ഓഖി ദുരന്തത്തിൽപ്പെട്ട് മരിച്ച മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന അതേ ആനുകൂല്യങ്ങൾ കാണാതായവർക്കും നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിലേക്ക് നിലവിലുള്ള നിയമ വ്യവസ്ഥകളിൽ ഇളവ് നൽകുന്ന കാര്യത്തിൽ അടിയന്തര ശുപാർശകൾ സമർപ്പിക്കുന്നതിന് റവന്യൂ, ആഭ്യന്തരം വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാരെയും ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും ഉൾപ്പെടുത്തി ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | വള്ളവും വലയും നഷ്ടപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ തുക നഷ്ട പരിഹാരം അനുവദിക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധന യാനങ്ങളെ ആധുനികവത്കരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഓഖി ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നല്കുമോ എന്ന് വ്യക്തമാക്കുമോ? | | കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനത്തിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണമെന്നും ഇപ്രകാരം നിയമനം നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും 6/12/2017 ലെ സ.ഉ (കൈ) നമ്പർ 01/17/ഡി.എം.ഡി നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ആശ്രിതർക്ക് മത്സ്യഫെഡുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ